## ആലുവ ലൂർദ് സെൻററിലെ തീ - പ്രതി അറസ്റ്റിൽ

ആലുവ ലൂർദ് സെൻററിൽ വൃന്ദാവൻ സാനിറ്റേഴ്സ് എന്ന സ്ഥാപനത്തിൻറെ ഓപ്പൺ ഏരിയയിൽ സൂക്ഷിച്ചിരുന്ന പൈപ്പുകളും വാട്ടർ ടാങ്കുകളും കത്തിനശിച്ച സംഭവത്തിൽ ഒരാൾ പിടിയിൽ. പാലക്കാട് മഞ്ഞപ്ര കൊണ്ടാത്ത് വീട്ടിൽ മോഹൻകുമാർ (57) ആണ് പിടിയിലായത്. ലൂർദ് സെൻററിലെ സെക്യൂരിറ്റി ജീവനക്കാരിയിരുന്നു ഇയാൾ. കഴിഞ്ഞ നവംബർ 23 പുലർച്ചെ 5 മണിയോടെയാണ് സംഭവം. മദ്യലഹരിയിലായിരുന്ന ഇയാൾ വേസ്റ്റുകൾ കൂട്ടിയിട്ട് തീയിടുന്നതിനിടയിൽ തീ പടർന്നു പിടിക്കുകയായിരുന്നു. തൊട്ടടുത്ത തുണിക്കടയിലേക്കും തീ പടർന്നു. തീപിടുത്തത്തിൽ പത്തൊമ്പതു ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ജില്ലാ പോലിസ് മേധാവി കെ .കർത്തിക്കിൻറെ മേൽനോട്ടത്തിൽ പ്രത്യേക ടീം രൂപീകരിച്ച് നടന്ന അന്വേഷണത്തിലാണ് പ്രതി പിടിയിലാകുന്നത്. സി.ഐ പി എസ് രാജേഷ്, എസ്.ഐമാരായ ആർ വിനോദ് ,എ .ആർ രാജീവ്, എ.എസ്.ഐമാരായ പി.എ ഇക്ബാൽ, എ.എം ഷാഹി, എസ്.സി.പി.ഒ മാരായ കെ.ആർ സുധീർ, എം.എ സുധീർ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.